**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2328** **21-06-2024 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് എഫ്.എച്ച്.സി. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | എൽ.എസ്.ജി.ഡി. മുഖേന പൂർത്തീകരിക്കുന്ന തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് എഫ്.എച്ച്.സി. കെട്ടിട നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് എഫ്.എച്ച്.സി. കെട്ടിടത്തിന്റെ മൂന്ന് നിലയിൽ രണ്ട് നിലയുടെ സ്ട്രക്ചറും അതിലേക്കുള്ള റോഡിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാമത്തെ നിലയും ഫിനിഷിങ് പ്രവൃത്തികളും ബാക്കിയുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പൂർത്തീകരണ കാലാവധി സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 14.09.2021 ൽ അവസാനിച്ചിരുന്നു. എന്നാൽ അതിർത്തി തർക്കവും സൈറ്റിലെ കണ്ടീഷൻ അനുസരിച്ച് ഡിസൈൻ തയാറാക്കുന്നതിനും, എസ്റ്റിമേറ്റ് റിവൈസ്‌ചെയ്യുന്നതിനുമായി പൂർത്തീകരണ കാലയളവ് വിവിധ ഘട്ടങ്ങളിലായി 04.06.2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാതെ നീട്ടിക്കൊണ്ടു പോകുന്നതിനാൽ കരാറുകാരനെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ; | (സി) | നിലവിൽ പൂർത്തീകരണ കാലയളവ് 04.06.2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ് . |
| (ഡി) | പ്രസ്തുത ആശുപത്രി കെട്ടിട നിർമ്മാണം വൈകുന്നതിനാൽ പൊതുജനങ്ങൾക്കുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | പൊതുജനങ്ങൾക്കുള്ള പ്രയാസങ്ങൾ ലഘൂകരിക്കാനായി ആശുപത്രി താൽക്കാലികമായി പ്രവൃത്തിക്കുന്ന കെട്ടിടത്തിലേക്ക്‌റോഡ് നിർമ്മിച്ച് ഗതാഗത സൗകര്യം സുഗമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ